പഞ്ചായത്തുകളിലൂടെ_14

പുഴക്കാട്ടിരി

—കെ. കെ. എസ്., തങ്ങൾ എം. എൽ. എ

മങ്കട മണ്ഡലത്തിന്റെ മദ്ധ്യഭാഗത്ത് കിടക്കുന്ന കുഞ്ഞുപുരം, കോട്ടുവാട്, മണ്ണുംകുളം, പാതിരമണ്ണ, കട്ടിലശ്ശേരി എന്നീ പ്രദേശങ്ങൾ ഗതാഗത സൗകര്യമോ മറ്റു വികസന സൗകര്യമോ ഇല്ലാതെ കാലപ്പഴക്കത്തിൽ കിടക്കുകയാണ്. പുഴക്കാട്ടിരി മുതൽ രാമപുരം വരെ ഒരു നല്ല റോഡ് പണി കഴിപ്പിച്ചു എട്ടുപത്തുകൊല്ലത്തിനുമുമ്പാണെങ്കിലും കൊളത്തൂർ-മങ്കട ബന്ധപ്പെടുത്തുവാനായിരുന്നതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. അതു് ഇന്നും സാധിച്ചിട്ടില്ല. ഈ റോഡ് പി. ഡബ്ലിയു. ഡി. ഏറ്റെടുക്കണം. എങ്കിലേ ജനാഭിലാഷം പൂർത്തീകരിക്കപ്പെടുകയുള്ളൂ. മണ്ണുംകുളം-പുഴക്കാട്ടിരി റോഡ് അടിയന്തിരമായും പൂർത്തിയായി ഗതാഗതയോഗ്യമാക്കാൻ ജനങ്ങളുടെ സഹകരണം അത്യാവശ്യമാണ്. കുഞ്ഞുപുരം-പാലാപറമ്പ് റോഡും കട്ടിലശ്ശേരി റോഡും അതിപ്രധാനമാണ്. പഞ്ചായത്ത് അതിന്റെ പരമാവധി കഴിവു് ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഫണ്ടിന്റെ അഭാവം അവരെ വിഷമിപ്പിക്കുന്നു. പഞ്ചായത്തിനു് കൂടുതൽ ഗ്രാന്റ് അനുവദിച്ച് ഈ പ്രശ്നം പരിഹരിക്കുവാൻ ഡിപ്പാർട്ടുമെന്റ് തയ്യാറാവണം.

വിദ്യാഭ്യാസരംഗത്തും ഈ പഞ്ചായത്തിന്റെ നില വളരെ ശോചനീയമാണ്. ഹൈസ്കൂൾപോലും ഈ പഞ്ചായത്തിലില്ല. കുഞ്ഞുപുരം ജി. യു. പി. സ്കൂൾ സെക്കന്ററിയാക്കിയിരിക്കയാണ്. അവിടെ ബിൽഡിംഗ് പ്രവൃത്തി ആരംഭിക്കുന്നതോടുകൂടിതന്നെ അതൊരു ഹൈസ്കൂളാക്കി മാറ്റാനുള്ളനടപടി ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണം. പന്ത്രണ്ടാംക്ലാസിൽ തദ്ദേശീയർവളരെ തുടർച്ചയായി സംഘടിച്ച് മെയിൻറോഡിൽതന്നെ ഒരു യു. പി. സ്കൂൾ ആരംഭിക്കാൻ ഗവർമെന്റുനടപടിയെടുക്കണമെന്നു് വിനീതമായി അപേക്ഷിക്കുന്നു. രാമപുരം, പുഴക്കാട്ടിരി എൽ. പി. സ്കൂളുകളും യു. പി. യാക്കി ഉയർത്തുവാൻ ശ്രമിക്കണം. പുലപ്പറമ്പിൽ ഒരു എൽ. പി. സ്കൂളും അത്യാവശ്യമായി ആരംഭിക്കാൻ ഡിപ്പാർട്ടുമെന്റ് നടപടിയെടുക്കണം.

വിദ്യുച്ഛക്തി പുഴക്കാട്ടിരി, കുഞ്ഞുപുരം ഭാഗത്തുപോവാൻ വൈമനസ്യംകാണിക്കുന്നതുപോലെ തോന്നുന്നു. ഇതിനാവശ്യമായ എസ്റ്റിമേറുകൾ തയ്യാറാക്കിയിട്ട് വർഷങ്ങൾകഴിഞ്ഞു. ഗ്രാമവൈദ്യുതീകരണത്തിൽ ഉൾപ്പെടുത്തിയാലെ ഇതിനും മോക്ഷമുണ്ടാവുകയുള്ളുവെന്നും വിശ്വസിക്കുന്നു.

ജലസേചനരംഗത്തു് പുരോഗതിയുണ്ടെങ്കിലും പുഴക്കാട്ടിരി-കുഞ്ഞുപുരം ഭാഗങ്ങൾ ശ്രദ്ധിക്കപ്പെട്ടിട്ടില്ല. പാലൂർ കോട്ടപ്പോല നിരവധി ഏക്കർ സ്ഥലം കൃഷിക്കുപയുക്തമാക്കുവാൻ സാധിക്കുന്ന ഒരു പദ്ധതിയാണ്. പക്ഷേ ഡിപ്പാർട്ടുമെന്റ് പലതവണ ആവശ്യപ്പെട്ടിട്ടും ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടില്ല. നാനാവിധ പോലകളും കുളങ്ങളും ഈ ഭാഗത്തുണ്ടു്. അതു് ഉപയോഗപ്രദമാക്കിയാൽ കാർഷികരംഗത്തു് ഒരു വലിയ നേട്ടമായിരിക്കും.

വൈദ്യസഹായത്തിനും ഒരു കേന്ദ്രമുണ്ടാക്കുവാൻ നാട്ടുകാർ സ്ഥലവുംഫണ്ടിംഗും കൊടുക്കാൻ തയ്യാറാണ്. പക്ഷേ അതിനുംഗീകരണം കൊടുക്കുവാൻ ബന്ധപ്പെട്ടവർ തയ്യാറാവുന്നില്ല. പ്രൈമറി ഹെൽത്തു് സെന്ററിന്റെ ഒരു സബ്സെന്ററെങ്കിലും ഇവിടെ സ്ഥാപിക്കണമെന്നു് മുമ്പു് തീരുമാനിച്ചതായി അറിയുന്നു. പക്ഷേ അതും ഇന്നുവരെ നടപ്പിൽ വന്നിട്ടില്ല. ഉള്ളസെന്ററിൽ ഡോക്ടർമാർ സന്ദർശനം നടത്തുന്നതുമില്ല. ഈ അപാകതകളും അവസാനിപ്പിക്കാൻ ഇവിടെ ഒരു ഡിസ്പെൻസറിയും കുഞ്ഞുപുരത്തു് ഒരു ആയുർവ്വേദിക ഡിസ്പെൻസറിയും ആരംഭിക്കാൻ ഹെൽത്തു് ഡിപ്പാർട്ടുമെന്റ് മുന്നോട്ടുവരുമെന്നു് പ്രത്യാശിക്കുന്നു.

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library